ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.05.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ഇന്ത്യൻ സായുധസേനയുടെ ധീരതയെയും അർപ്പണബോധത്തെയും പ്രശംസിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. ഭീകരതയ്ക്ക് എതിരെ ഇന്ത്യ വിജയകരമായ പ്രതികരണമാണ് ഓപ്പറേഷൻ സിന്ദൂറിലൂടെ നടത്തിയതെന്നും രാഷ്ട്രപതി.

President praised the valour and dedication of the Armed Forces, acknowledging their role in making India's response to terrorism a remarkable success.

2) പാകിസ്ഥാൻ കസ്റ്റഡിയിലായിരുന്ന ബിഎസ്എഫ് ജവാൻ പൂർണം കുമാർ ഷാ ഇന്ത്യയിലേക്ക് മടങ്ങി.

A Border Security Force (BSF) Jawan, Purnam Kumar Shaw, who was detained by Pakistan Rangers on April 23 has returned to India today morning

3) സുപ്രീംകോടതിയുടെ 52-ാമത് ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് ബി ആർ ഗവായി ഇന്ന് സത്യപ്രതിജ്ഞ ചെയ്തു.

**Justice Bhushan Ramkrishna Gavai today took oath as the 52nd Chief Justice of India.**

4) അരുണാചൽ പ്രദേശിലെ ചില പ്രദേശങ്ങൾക്ക് പുതിയ പേര് നൽകാനുള്ള ചൈനയുടെ ശ്രമങ്ങൾ തള്ളി ഇന്ത്യ.

**India has categorically rejected China's continued, unfounded, and absurd attempts to assign new names to locations within the State of Arunachal Pradesh.**

5) സംസ്ഥാനത്ത് പ്ലസ് വൺ അപേക്ഷകൾ ഇന്ന് മുതൽ സ്വീകരിച്ചു തുടങ്ങും.

**Applications for admission to Plus one courses in Kerala can be submitted from today.**

6) ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് നാളെ ബിഹാറിൽ സമാപനം. 122 മെഡലുകളുമായി മഹാരാഷ്ട്ര ഒന്നാം സ്ഥാനത്ത്.

**The Khelo India Youth Games in Bihar will conclude tomorrow. With 122 medals, including 47 gold and 39 silver, Maharashtra is in the top position**

&&&&&&&&&&&&&&&&&&

**SINDOOR-ARMED FORCES**

ഇന്ത്യൻ സായുധസേനയുടെ ധീരതയെയും അർപ്പണബോധത്തെയും പ്രശംസിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. ഭീകരതയ്ക്ക് എതിരെ ഇന്ത്യ വിജയകരമായ

പ്രതികരണമാണ് നടത്തിയതെന്നും സേനാ നേതൃത്വവുമായുള്ള കൂടിക്കാഴ്ചയിൽ രാഷ്ട്രപതി വ്യക്തമാക്കി. സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ, കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി, നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി, വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ പി സിംഗ് എന്നിവരാണ് ഓപ്പറേഷൻ സിന്ദൂറിൻറെ വിശദാംശങ്ങൾ പങ്കുവയ്ക്കുന്നതിനായി രാഷ്ട്രപതിയെ നേരിൽക്കണ്ടത്. ഓപ്പറേഷൻ സിന്ദൂറിൻറെ വിജയകരമായ നിർവ്വഹണത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി സംയുക്ത സൈനിക മേധാവിയും, മൂന്ന് സേനാ മേധാവികളും ഉന്നത തല യോഗവും ചേർന്നിരുന്നു. സേനകളുടെ ഏകോപിച്ചുള്ള പ്രവർത്തനവും, തന്ത്രപരമായ മാർഗനിർദേശങ്ങളും സൈനിക നീക്കത്തിൻറെ വിജയത്തിന് പിന്നിൽ പ്രവർത്തിച്ചതായി യോഗം വിലയിരുത്തി.

&&&&&&&&&&&&&&&&&&&

## BSF JAWAN RETURNED

പാകിസ്ഥാൻ കസ്റ്റഡിയിലായിരുന്ന ബിഎസ്എഫ് ജവാൻ പൂർണം കുമാർ ഷാ ഇന്ത്യയിലേക്ക് മടങ്ങിയെത്തി. അട്ടാരി അതിർത്തി വഴി ഇന്ന് രാവിലെയാണ് അദ്ദേഹം തിരികെയെത്തിയത്. അബദ്ധത്തിൽ അന്താരാഷ്ട്ര അതിർത്തി കടന്നതിന് ഏപ്രിൽ 23 നാണ് പഞ്ചാബിലെ ഫിറോസ്പൂർ സെക്ടറിൽ നിന്ന് ജവാനെ പാകിസ്ഥാൻ

റേഞ്ചേഴ്സ് കസ്റ്റഡിയിലെടുത്തത്. അതിർത്തിയിലെ കർഷകരുടെ സുരക്ഷക്കായി നിയോഗിച്ചിരുന്ന സംഘത്തിലെ അംഗമായിരുന്നു പൂർണം കുമാർ ഷാ.

&&&&&&&&&&&&&&&&&&

## CJI GAVAI-OATH ( INTRO )

ഇന്ത്യയുടെ 52-ാമത് ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് ഭൂഷൺ രാമകൃഷ്ണ ഗവായി ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. രാഷ്ട്രപതി ഭവനിൽ രാവിലെ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു.

( വോയിസ്...)

ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ പിൻഗാമിയായാണ് ജസ്റ്റിസ് ബി ആർ ഗവായി ചുമതലയേറ്റത്. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ, സുപ്രീം കോടതി ജഡ്ജിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. 2025 നവംബർ 23 വരെ ജസ്റ്റിസ് ഗവായി, ചീഫ് ജസ്റ്റിസ് സ്ഥാനത്ത് തുടരും. 2019 മുതൽ സുപ്രീംകോടതി ജഡ്ജിയായി സേവനമനുഷ്ഠിക്കുന്ന അദ്ദേഹം മഹാരാഷ്ട്ര സ്വദേശിയാണ്.

&&&&&&&&&&&&&&&&&&

## MEA-ARUNACHAL

അരുണാചൽ പ്രദേശിലെ ചില പ്രദേശങ്ങൾക്ക് പുതിയ പേര് നൽകാനുള്ള ചൈനയുടെ തുടർച്ചയായ ശ്രമങ്ങളെ തള്ളി ഇന്ത്യ. ഇത്തരം നീക്കങ്ങൾ ഒരു തരത്തിലും അംഗീകരിക്കാനാകില്ലെന്ന് വിദേശകാര്യ വക്താവ് രൺധീർ

ജയ്സ്വാൾ വ്യക്തമാക്കി. പുനർനാമകരണം കൊണ്ട് യാഥാർത്ഥ്യത്തെ മാറ്റാനാകില്ലെന്നും അരുണാചൽ എന്നും ഇന്ത്യയുടെ അവിഭാജ്യഘടകമാണെന്നും ശ്രീ രൺധീർ ജയ്സ്വാൾ പറഞ്ഞു. ജമ്മു കശ്മീരുമായി ബന്ധപ്പെട്ട ഏതൊരു പ്രശ്നവും ഇന്ത്യയും പാകിസ്ഥാനും ഉഭയകക്ഷി ചർച്ചയിലൂടെയാണ്

പരിഹരിക്കുകയെന്നും വിദേശകാര്യ വക്താവ് അറിയിച്ചു. അതിർത്തി കടന്നുള്ള ഭീകരതയ്ക്ക് നൽകുന്ന പിന്തുണ ഉപേക്ഷിച്ചെന്ന് പാകിസ്ഥാൻ വിശ്വസ്വനീയമാം വിധം ബോധ്യപ്പെടുത്തുംവരെ സിന്ധു ജല കരാർ റദ്ദാക്കിയതിൽ മാറ്റമുണ്ടാകില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## JITENDRA SINGH (intro)

ജമ്മു കശ്മീരിലെ ഹിരാനഗർ സെക്ടറിൽ അതിർത്തി നിവാസികൾക്കായി 600 പുതിയ ബങ്കറുകൾ നിർമ്മിക്കുമെന്ന് കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ് . 2,000 ബങ്കറുകൾ ഇതിനകം നിർമ്മിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

## SWABHIMANA YATRA

ഇന്ത്യൻ സൈന്യത്തിനും പ്രധാനമന്ത്രി നരേന്ദ്രമോദിക്കും അഭിവാദ്യം അർപ്പിച്ചു കൊണ്ട് ഇന്ന് തിരുവനന്തപുരത്ത്

ത്രിവർണ്ണ സ്വാഭിമാന യാത്ര നടക്കും. വൈകിട്ട് മ്യൂസിയം ജങ്ഷനിൽ നിന്നാരംഭിക്കുന്ന തിരംഗാ യാത്രയിൽ വിമുക്ത ഭടന്മാരും ദേശസ്നേഹികളും അണിചേരും. കാർഗിൽ വീരയോദ്ധാവ് മേജർ ജെറി പ്രേം രാജിൻറെ മാതാവ് അടക്കമുള്ളവർ ത്രിവർണ്ണ സ്വാഭിമാന യാത്രയിൽ അണിചേരും.

&&&&&&&&&&&&&&&&&&

## TUBERCULOSIS

ഇന്ത്യയിൽ നിന്ന് ക്ഷയരോഗം നിർമ്മാർജ്ജനം ചെയ്യാനുള്ള രാജ്യത്തിൻറെ പ്രതിബദ്ധത ഊട്ടിയുറപ്പിക്കുന്ന വിജയകരമായ തന്ത്രങ്ങൾ വികസിപ്പിക്കണമെന്ന് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദേശീയ ക്ഷയരോഗ നിർമാർജന പരിപാടി സംബന്ധിച്ച ഉന്നതതല അവലോകന യോഗത്തിന് ഇന്നലെ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. അടുത്തിടെ സമാപിച്ച 100 ദിന ടിബി മുക്ത് ഭാരത് അഭിയാൻ പരിപാടിയും അദ്ദേഹം അവലോകനം ചെയ്തു.

&&&&&&&&&&&&&&&&&&

## CM- KERALA (intro)

സംസ്ഥാനത്തിൻറെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ വലിയ വർദ്ധന ഉണ്ടായതായി മുഖ്യമന്ത്രി പിണറായി വിജയൻ . സംസ്ഥാനത്തെ ജനങ്ങളുടെ പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കാനും ജീവിത നിലവാരം

ഉയർത്തിക്കൊണ്ടുവരാനും സർക്കാരിന് സാധിച്ചു. സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികത്തിൻറെ ഭാഗമായി തൃശൂരിൽ ചേർന്ന ജില്ലാതല യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു മുഖ്യമന്ത്രി .
(ഹോൾഡ്)

&&&&&&&&&&&&&&&&&&

## PLUS ONE

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ ഇന്ന് വൈകുന്നേരം നാല് മണി മുതൽ ഓൺലൈനായി സമർപ്പിക്കാം. പൊതുവിദ്യാഭ്യാസ വകുപ്പിൻറെ ഹയർ സെക്കൻഡറി പ്രവേശന വെബ് സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത്. സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളിലും, ഹയർ സെക്കൻഡറി സ്കൂളുകളിലും ഹെൽപ് ഡെസ്ക് സജ്ജമാക്കിയിട്ടുണ്ട്. 20 വരെയാണ് അപേക്ഷ സമർപ്പിക്കാൻ അവസരം. ട്രയൽ അലോട്ട്മെൻറ് 24 ന് നടക്കും. ജൂൺ 18 നാണ് ക്ലാസുകൾ ആരംഭിക്കുക.

&&&&&&&&&&&&&&&&&&

## GOVERNOR–VOTER ID

ഗവർണർ രാജേന്ദ്ര അർലേക്കർ ഇനി കേരളത്തിൻറെ വോട്ടർ. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ ഗവർണർക്ക് ഇന്നലെ പുതിയ

വോട്ടർ തിരിച്ചറിയൽ കാർഡ് കൈമാറി. ബിഹാർ ഗവർണറായിരുന്ന അദ്ദേഹം ജനുവരിയിലാണ് കേരള ഗവർണറായി ചുമതലയേറ്റത്.

&&&&&&&&&&&&&&&&&&

**UPSC–CHAIRMAN**

യു പി എസ് സി ചെയർമാനായി ഡോ. അജയ് കുമാറിനെ രാഷ്ട്രപതി ദ്രൗപദി മുർമു നിയമിച്ചു. 1985 ബാച്ച് കേരള കേഡറിലെ മുൻ ഐ എ എസ് ഉദ്യോഗസ്ഥനാണ്. പ്രതിരോധ സെക്രട്ടറിയായും ഡോ. അജയ് കുമാർ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**PUNJAB – HOOCH TRAGEDY**

പഞ്ചാബ് വിഷമദ്യ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 23 ആയി. 13 പേർ ആശുപത്രികളിൽ ചികിത്സയിലാണ്. പഞ്ചാബിലെ മജിതയിലാണ് വിഷമദ്യദുരന്തമുണ്ടായത്. സംഭവത്തിൽ 10 പേരെ അറസ്റ്റു ചെയ്തു. മരിച്ചവരുടെ കുടുംബാംഗങ്ങളെ മുഖ്യമന്ത്രി ഭഗവന്ത് സിങ് മാൻ സന്ദർശിച്ചു. ആശ്രിതർക്ക് 10 ലക്ഷം രൂപ വീതം ധനസഹായവും പഞ്ചാബ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**DAY KHELO INDIA BIHAR**

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് നാളെ ബിഹാറിൽ സമാപനം. 122 മെഡലുകളുമായി മഹാരാഷ്ട്ര ഒന്നാം

സ്ഥാനത്താണ്. രാജസ്ഥാൻ രണ്ടാം സ്ഥാനത്തും ഹരിയാന മൂന്നാം സ്ഥാനത്തുമാണ്. പതിനൊന്നാം ദിവസമായ ഇന്ന് രാവിലെ നടന്ന മത്സരങ്ങളിൽ ഒരു സ്വർണവും ഒരു വെള്ളിയും കൂടി നേടി മെഡൽ വേട്ടയ്ക്ക് തുടക്കമിട്ടിരിക്കുകയാണ് മഹാരാഷ്ട്ര . അത് ലറ്റിക്സ്, ബോക്സിങ്, ജിംനാസ്റ്റിക്സ്, ഫെൻസിങ് എന്നീ ഇനങ്ങളിലാണ് ഇന്ന് മത്സരം.

&&&&&&&&&&&&&&&&&&

**SENSEX+GOLD**

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 221 പോയിൻറ് ഉയർന്ന് 81,369-ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 98 പോയിൻറ് നേട്ടത്തിൽ 24,678-ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവില കുറഞ്ഞു. പവന് 400 രൂപ കുറഞ്ഞ് 70,440 രൂപയും ഗ്രാമിന് 50 രൂപ കുറഞ്ഞ് 8,805 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**AL-QUDS- ISRAEL ATTACK**

ഖാൻ യൂനിസിലെ ഗാസ യൂറോപ്യൻ ആശുപത്രിക്ക് നേരെ ഇസ്രായേൽ നടത്തിയ വ്യോമാക്രമണങ്ങൾക്ക് മറുപടിയായി, ഇസ്രായേൽ നഗരങ്ങളിൽ റോക്കറ്റ് ആക്രമണ ശ്രമം നടത്തി അൽ-ഖുദ്സ് ബ്രിഗേഡ്സ്. തെക്കൻ ഇസ്രായേലിലെ നിരവധി നഗരങ്ങളിൽ വ്യോമാക്രമണ സൈറണുകൾ മുഴങ്ങിയതായാണ് റിപ്പോർട്ടുകൾ. എന്നാൽ കാര്യമായ

നാശനഷ്ടങ്ങൾ ഉണ്ടായിട്ടില്ലെന്ന് ഇസ്രായേൽ സൈന്യം അറിയിച്ചു. തീവ്രവാദത്തിന് മറയായി ഹമാസ് ഗസയിലെ ആശുപത്രികൾ ഉപയോഗിക്കുകയാണെന്ന് ഇസ്രായേൽ ആരോപിച്ചു.

&&&&&&&&&&&&&&&&&&&

## REV. US–SYRIA SANCTIONS

സിറിയക്കെതിരെ പ്രസിഡന്റ് ബഷർ അൽ-അസദിന്റെ ഭരണകാലത്ത് ഏർപ്പെടുത്തിയിരുന്ന ഉപരോധങ്ങൾ പിൻവലിക്കുന്നതായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. യുദ്ധത്തിൽ തകർന്ന രാഷ്ട്രത്തിന് സമാധാനത്തിന്റെ വഴി പിന്തുടരാൻ ഒരു അവസരം നൽകുന്നതായും ട്രംപ് പറഞ്ഞു. സൗദി അറേബ്യൻ സന്ദർശന വേളയിലായിരുന്നു യു.എസ് പ്രസിഡന്റിന്റെ പ്രഖ്യാപനം. 142 ബില്യൺ ഡോളറിന്റെ ആയുധ കരാർ ഉൾപ്പെടെ നിരവധി തന്ത്രപരമായ കരാറുകളിൽ ഡോണൾഡ് ട്രംപും സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാനും ഇന്നലെ ഒപ്പുവച്ചു.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&

&&&

&&

&